പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *111 03.12.2015 -ൽ മറുപടിക്ക്.

## റേഷൻ വിതരണത്തിലെ ക്രമക്കേട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീമതി.കെ.കെ.ലതിക**<br>**ശ്രീ.കെ.കെ.നാരായണൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനും പരിശോധിക്കുന്നതിനും സംവിധാനമുണ്ടോ; | (എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ പൊതു വിപണിയിലും റെയ്ഡുകൾ നടത്തുകയും അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നതും അനധികൃതമായി വ്യാപാരം നടത്തുന്നതിനായി സൂക്ഷിക്കുകയും ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തി അതിന്റെ വിറ്റുവരവ് റവന്യൂ ഡെപ്പോസിറ്റൽ സൂക്ഷിക്കുകയും ചെയ്യുന്നു. കുറ്റക്കാർക്കെതിരെ അവശ്യ സാധന നിയമ പ്രകാരം കേസ്സെടുത്ത് തുടർ നടപടി സ്വീകരിക്കുന്നുണ്ട്. റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് തടയുന്നതിനായി ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേയ്ക്കുള്ള നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടു കൂടി വെബ് അടിസ്ഥാനമാക്കിയ എസ്.എം.എസ് അലർട്ട് സംവിധാനം - എഫ്.എം.പി.ഡി.എസ് (Food Grain Movement for Effective Public Distribution System) - സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റേഷൻ വിതരണത്തിലെ ക്രമക്കേട് സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ റെയ്ഡിൽ കണ്ടുപിടിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ റെയ്ഡുകളിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ബി.പി.എൽ, അന്ത്യോദയ അന്ന യോജന അരിവിഹിതം ഉണഭോക്താക്കൾക്ക് നൽകാതെ വെട്ടിപ്പ് നടത്തിയതായി റിപ്പോർട്ടു ലഭിച്ചി ട്ടുണ്ടോ; ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) | കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ 149-ാം നമ്പർ റേഷൻ കടയുടെയും കാഞ്ഞിരപ്പള്ളി താലൂക്കിലെ 83-ാം നമ്പർ റേഷൻ കടയുടെയും അംഗീകാരം താൽക്കാലികമായി റദ്ദാക്കിയത് ഈ കാരണത്താലാണ്. പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ 5 റേഷൻ കടകളിലും പാലക്കാട് താലൂക്കിലെ 4 റേഷൻ കടകളിലും മണ്ണാർക്കാട് താലൂക്കിലെ 2 റേഷൻ കടകളിലും ആലത്തൂർ താലൂക്കിലെ 3 റേഷൻ കടകളിലും ഒറ്റപ്പാലം താലൂക്കിലെ ഒരു റേഷൻ കടയിലും ഇത്തരം ക്രമക്കേട് കണ്ടെത്തിയിരുന്നു. ഇതിൽ ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം എന്നീ താലൂക്കുകളിലെ ഒരോ ARD യുടെയും ചിറ്റൂർ, പാലക്കാട് എന്നീ താലൂക്കുകളിലെ 2 ARD കളുടെയും ലൈസൻസ് താൽക്കാലികമായി സസ്പെന്റ് ചെയ്യുകയും മറ്റുള്ളവരിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. |
| (ഡി) | ഇതിൽ റേഷൻ ഡീലർമാർ മുതൽ സിവിൽ സ്പ്ലൈസ് ഉന്നത ഉദ്യോഗസ്ഥർക്കു വരെ പങ്കുള്ള കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. ക്രമക്കേട് കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ